7. പ്രതിമാസം 100 രൂപയിൽ കൂടുതൽ വരുമാനമില്ലാത്ത തൊഴിൽ രഹിതരായിരിക്കണം.

8. എപ്ലോയിമെന്റ് രജിസ്ട്രേഷൻ യഥാസമയം പുതുക്കിയിരിക്കണം.

(ബി) നിലവിലുള്ള വ്യവസ്ഥകൾ കാലാനുസൃതമായി 28-5-1998 ലെ ജി. ഒ. (പി) 23/98/തൊഴിൽ പ്രകാരം പരിഷ്ക്കരിച്ചതാണ്. .

(സി) 1999 ഫെബ്രുവരി-മാർച്ച് മാസങ്ങളിലാണ് അവസാനമായി തൊഴിൽരഹിത വേതനം വിതരണം ചെയ്തത്.

## ബാലവേല

124 (2036) ശ്രീ. എ. കണാരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഹോട്ടലുകളിലും മറ്റും കൊച്ചുകുട്ടികളെക്കൊണ്ട് കഠിനാധ്വാനം ചെയ്യിച്ച് പീഡിപ്പിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനെതിരെ ശക്തമായ നിയമങ്ങൾ ഉണ്ടായിട്ടും ഇത് തടയുവാൻ കഴിയാത്തതെന്തുകൊണ്ട് ;

(സി) വിശദീകരിക്കാമോ ?

### ഉത്തരം

(എ) ഹോട്ടലുകളിലും മറ്റു ചിലസ്ഥലങ്ങളിലും കുട്ടികൾ പണിയെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കഠിനാധ്വാനം ചെയ്യിച്ച് പീഡിപ്പിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി & സി) ഹോട്ടലുകളിലും അപകടരഹിതമായ മറ്റു സ്ഥാപനങ്ങളിലും കുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കുന്നത് നിയമാനുസരണം നിരോധിച്ചിട്ടില്ല. എന്നാൽ ഇവരെക്കൊണ്ട് പണിയെടുപ്പിക്കാവുന്ന പരമാവധിസമയം, അവധി നൽകൽ, വിശ്രമസമയം തുടങ്ങിയ കാര്യങ്ങളിൽ പ്രത്യേക നിയന്ത്രണങ്ങൾ നിയമത്തിൽ അനുശാസിക്കുന്നുണ്ട്. 1986-ലെ ബാലവേല (നിരോധനവും നിയന്ത്രണവും) ആക്റ്റ് പ്രകാരമുള്ള ഇൻസ്പെക്ടർമാർ ഈ നിയമം അനുസരിച്ചുള്ള പരിശോധനകൾ നടത്തുന്നുണ്ട്. തെളിവുകളുടെ അഭാവവും നിയമത്തിലുള്ള പഴുതുകളും മറ്റും നിയമപരമായ നടപടികൾ കൈക്കൊള്ളുവാൻ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. എന്നാൽ നിയമാനുസരണമല്ലാത്ത സാഹചര്യങ്ങളിൽ കുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കുന്നത് കർശനമായി തടയാൻ ഇൻസ്പെക്ടർമാരുടെ പരിശോധനാ നടപടികൾ വഴി കഴിഞ്ഞിട്ടുണ്ട്. ബാലവേല പൂർണ്ണമായും തടയുവാൻ നിയമത്തിലെ പഴുതുകൾ അടച്ച് പുതിയ നിയമ നിർമ്മാണം നടത്തുവാൻ സർക്കാർ ആലോചിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly